**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽ ദാന പദ്ധതി-ആലുവ നഗരസഭയിൽ സാനിറ്ററി വർക്കർ തസ്തികയിൽ സേവനനമുഷ്ഠിച്ചുവരവേ 23.12.2017 തീയതിയിൽ മരണപ്പെട്ട എ. മാരിയപ്പന്റെ മകൾ ശ്രീമതി. കലാമണി-മുൻസിപ്പൽ കോമൺ സർവ്വീസിൽ സാനിട്ടറി വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ യു) വകുപ്പ്**

**സ.ഉ(കൈ) നം.131/2019/ത.സ്വ.ഭ.വ. തീയതി,തിരുവനന്തപുരം 19/10/2019**

---

പരാമർശം:- 1. 24.05.1999 തീയതിയിലെ സ.ഉ(പി)നമ്പർ 12/99/ഉ.പ.ഭ.വ
2. ശ്രീമതി. കലാമണി സമർപ്പിച്ച 22.06.2018-ലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 13.12.2018-ലെ ഇ.4-16550/18 നമ്പർ കത്ത്.
4. സ.ഉ(കൈ) നം.5/2018/ഉ.ഭ.പ.വ. തീയതി, 21.02.2018
5. എറണാകുളം ജില്ലാ കളക്ടറുടെ 20.06.2019-ലെ DCEKM/5051/2019/E5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് ആലുവ നഗരസഭയിൽ സാനിറ്ററി വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 23.12.2017 തീയതിയിൽ മരണപ്പെട്ട എ. മാരിയപ്പന്റെ മകൾ ശ്രീമതി. കലാമണി അപേക്ഷ സമർപ്പിച്ചിരുന്നു. എ. മാരിയപ്പന്റെ സേവനകാലം 14 വർഷം 04 മാസം 22 ദിവസമാണ്. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 20.02.1961, 01.08.2003 ആണ്. നഗരകാര്യ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. അപേക്ഷക ഒൻപതാം ക്ലാസ് പാസ്സായിട്ടുള്ളതും ടിയാളുടെ ജനനത്തീയതി 11.01.1986 എന്നതുമാണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ ടിയാൾ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷയും എറണാകുളം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി. കലാമണിക്ക് ജോലി നൽകുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നൽകിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 42,000/- രൂപയാണെന്ന് (നാല്പ്പത്തിരണ്ടായിരം രൂപ മാത്രം) ആലുവ വെസ്റ്റ് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു ആലുവ നഗരസഭയിൽ സാനിറ്ററി വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 23.12.2017 തീയതിയിൽ മരണപ്പെട്ട എ. മാരിയപ്പന്റെ മകൾ ശ്രീമതി. കലാമണിക്ക് മുൻസിപ്പൽ കോമൺ സർവ്വീസിൽ ആലുവ നഗരസഭയിലോ, എറണാകുളം ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ സാനിറ്ററി വർക്കർ

തസ്തികയിൽ പരാമർശം 1 -ലെ ഉത്തരവിന് വിധേയമായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/നഗരകാര്യ ഡയറക്ടർ ഒഴിവിന്റെ ലഭ്യത, നിയമനം നൽകുന്നതിനുള്ള നിശ്ചിത ശതമാന പരിധി എന്നിവയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ഈ ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് സർക്കാർ റദ്ദാക്കുന്നതിയിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമണി മാത്യൂ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്: നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ആലുവ നഗരസഭ.
ജില്ലാ കളക്ടർ, എറണാകുളം.
ശ്രീമതി . കലാമണി, നീലേരിപ്പാടം, മാധവപുരം കോളനി,
പട്ടാരിപുരം, ആലുവ, എറണാകുളം-683101.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ